സ്വാമി ശരണം

തിരുവിതാംകൂർ ദേവസ്വം ബോർഡ് നടപടി ഉത്തരവ്.

സംഗ്രഹം

ജീവനക്കാരുടെ പേരിൽ കാണപ്പെടുന്ന ആഡിറ്റ് ചുമതലകൾ തീർപ്പാക്കുന്ന സംഗതി സംബന്ധിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്നമ്പർ ROC · 25/21/OAD നന്തൻകോട് 15-02-2021

ജീവനക്കാരുടെ പേരിലുള്ള ബാദ്ധ്യതകൾ അനുദിനമെന്നോണം കൂടി ക്കൊണ്ടിരിക്കുന്ന അവസ്ഥ നിലവിലുണ്ട്. ഇത് സംബന്ധിച്ച് ആവർത്തിച്ച് നോട്ടീസുകൾ നൽകിയിട്ടും ബന്ധപ്പെട്ട ജീവനക്കാർ ബാദ്ധ്യത തുകകൾ ഒടുക്ക് വരുത്താതിരിയ്ക്കുന്നത് ബോർഡിന്റെ സാമ്പത്തിക സ്ഥിതിയെ ബാധിയ്ക്കുന്ന സ്ഥിതിവിശേഷം ഉണ്ടാക്കിയിട്ടുണ്ട്. പ്രസ്തുത സംഗതി ബോർഡ് വിശദമായി ചർച്ച ചെയ്ത് ബാദ്ധ്യത തുകകൾ തിരിച്ചടയ്ക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ദ്രുതഗതിയിൽ നടപ്പിലാക്കുന്നതിലേയ്ക്ക് ചുവടെ വിവരിച്ചിട്ടുള്ള തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുള്ളതാണ്.

## ഉത്തരവ്

1. ആഡിറ്റിൽ കാണപ്പെടുന്ന ബാദ്ധ്യതകൾക്ക് അതത് സമയത്ത് തന്നെ ബന്ധപ്പെട്ട ജീവനക്കാർക്ക് നോട്ടീസ് നൽകി നടപടി നടത്തുന്നതിന് അതത് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണമാരെ ചുമതലപ്പെടുത്തുന്നു
2. വീഴ്ച വരുത്തുന്നവർക്കെതിരെ നിലവിലുള്ള ബോർഡുത്തരവ് പ്രകാരം ക്രിമിനൽ നടപടികൾ ആരംഭിയ്ക്കുന്നതാണ്
3. ബന്ധപ്പെട്ട ജീവനക്കാർ ചുമതലകൾ സംബന്ധിച്ച് നൽകുന്ന ആക്ഷേപങ്ങൾ പരിശോധിച്ച് മേൽ നടപടികൾ കൈക്കൊള്ളുന്നതിന് ദേവസ്വം കമ്മീഷണർ ചെയർമാനായും ചീഫ് എൻജിനീയർ (ജനറൽ) ഫിനാൻസ് കമ്മീഷണർ ദേവസ്വം അക്കൗണ്ട്സ് ആഫീസർ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ (ഫിനാൻസ് & ഇൻസ്പെക്ഷൻ) എന്നിവർ അംഗങ്ങളായും ഒരു സമിതിയെ നിയോഗിയ്ക്കുന്നു
4. ടി സമിതി മാസത്തിലൊരിക്കൽ യോഗം ചേർന്ന് ജീവനക്കാർ നൽകുന്ന ആക്ഷേപങ്ങൾ പരിശോധിച്ച് ഉചിതമായ ശുപാർശകൾ നൽകേണ്ടതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി

(ഒപ്പ്)

സെക്രട്ടറി

12022021

പകർപ്പ്

1) ദേവസ്വം കമ്മീഷണർ

2) ചീഫ് എൻജിനീയർ (ജനറൽ)

3) ഫിനാൻസ് കമ്മീഷണർ

4) അക്കൗണ്ട്സ് ആഫീസർ

5) എല്ലാ ഡെപ്യൂട്ടി കമ്മീഷണർമാർക്കും.

6) എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും

7) മിനിട്ട്സ് സെക്ഷൻ

8) സെക്ഷൻ ഫയൽ

9) ഫയൽ ബുക്ക്

10) ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ

അസിസ്റ്റന്റ് സെക്രട്ടറി